# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 11/04/14

(10 Jamad'ul Akhir 1435 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

ഈ നൂറ്റാണ്ടിലെ നിർണ്ണായ ഘട്ടത്തിൽ മുഹമ്മദ് (സ) നെയും മസീഹ് മൗഊദ് (അ) നെയും വിശ്വസിച്ച ഒരു ജമാ അത്തുമായി അല്ലാഹു എന്നെ ഉയർത്തിയിരിക്കുകയാണ്. ഇസ്‌ലാമിനെ പ്രതിരോധിക്കുന്നതിനും, അനീതിക്കെതിരെ പേരാടുന്നതിനും,അമുസ്‌ലിംകളുടെ ചോദ്യങ്ങൾക്ക് തൃപ്തികരമായ മറുപടി നല്കുന്നതിനുമായി ജമാഅത്തുസ്സഹീഹിൽ ഇസ്‌ലാമുമായി ഈ വിനീതനെ അല്ലാഹു (ത) ചുമതലപ്പെടുത്തിയിരിക്കുകയാണ്.അങ്ങനെഞാൻ അല്ലാഹുവിന്റെ ഖലീഫ ആണെന്നും മുഹ്‌യിദ്ദീൻ ആണെന്നും വാദിച്ചിരിക്കുകയാണ്.ഇത് കേട്ട് എന്റെ ശത്രുക്കളും കപടവിശ്വാസികളും രൗദ്രഭാവം കൈക്കൊള്ളുകയും അവർ തികച്ചും പരിധിലംഘിക്കുകയും ചെയ്തിരിക്കുന്നു. അവർ എന്റെ മേൽ ആരോപണങ്ങൾ ചുഴറ്റി എറിഞ്ഞിരിക്കുകയാണ്. മയക്കുമരുന്നടിക്കുന്നവൻ,മന്ത്രവാദി,കുഴപ്പക്കാരൻ, പട്ടി, പന്നി,എന്നു തുടങ്ങി പലപേരുകളും എനിക്കവൻ നല്കിയിരിക്കുകയാണ്. എന്റെ ശത്രുക്കൾ എനിക്കെതിരിൽ ഒരു ഫത്‌വയും പുറപ്പെടുവിച്ചിരിക്കുകയാണ്.അവൻ കാഫീർ ആണ് കള്ള പ്രവാചകനാണ്. അൽ ഹംദു ലില്ലാഹ്. സുമ്മ അൽഹംദുലില്ലാഹ്.

ഇതിൽ അത്ഭുതകരമായി ഒന്നും ഞാൻ കാണുന്നില്ല.ദൈവനിയോഗിതരായവരോട് മുമ്പും ജനങ്ങൾ ഇങ്ങനെയാണ് പെരുമാറിയിട്ടുള്ളത്.അവരുടെ യഥാർത്ഥ അവസ്ഥ മനസ്സിലാക്കാൻ കുറേക്കാലം കഴിയും.എനിക്കെതിരിൽ പുറപ്പെടുവിച്ച കുഫർ ഫത്‌വ സംബന്ധിച്ച് എനിക്ക് പറയാനുള്ളത്. ഞാനതൊന്നും കാര്യമാക്കുന്നില്ല എന്നാണ്.അതുപോലെ എന്റെ മേൽ ചാർത്തിയ ദുഷ്പേരുകളും ഞാൻ കണക്കിലെടുക്കുന്നില്ല. ജനങ്ങൾ ചെയ്യുന്ന ഈ പ്രവർത്തനങ്ങളിലൂടെ അവരുടെ ആത്മാക്കൾക്കുത്തന്നെയാണ് അവർ ദോഷം വരുത്തുന്നത്. അല്ലാഹു തെരഞ്ഞെടുത്തവന് ഇതുമൂലം ഒരു കുറവും സംഭവിക്കുകയില്ല. അവർ എത്രത്തോളം ശക്തമായി എന്നെ പീഡിപ്പിക്കുന്നുവോ,അത്രത്തോളം അല്ലാഹു അവന്റെ ദീനിനു വേണ്ടി എന്നെ ഉപയോഗിക്കുന്നു എന്ന് അർത്ഥം. മുഹമ്മദ് മുസ്തഫ (സ) യുടെയും ഹസ്രത് മസീഹ് മൗഊദ് (അ) ന്റെയും, വിശുദ്ധഖുർ ആന്റെയും സത്യത ലോകത്ത് സ്ഥാപിക്കാൻ അല്ലാഹു ഈ വിനീതനിലൂടെ ആഗ്രഹിക്കുന്നു എന്ന്സാരം. അല്ലാഹുവിന്റെ കൈകളിലുള്ളത് സ്വീകരിക്കുന്നവൻ മാത്രമാണ് ഞാൻ. ഈ വിനീതനെ ഉപയോഗിച്ച് അല്ലാഹു എന്താണോ ആഗ്രഹിക്കുന്നത് അതു ചെയ്യുന്നു. അല്ലാഹുവിന്റെ സന്ദേശം എത്തിക്കുന്നതിന് ഞാനൊരാളെതെരഞ്ഞെടക്കുന്നു. അപ്പോൾ തെരഞ്ഞെടുക്കപ്പെട്ടവൻ പൂർണ്ണമായും അവന്റേതുമാത്രമായിത്തീരുന്നു. അവന്റെ ഇംഗിതമനുസരിച്ച് പ്രവർത്തിക്കുന്നു. അവൻ എന്തു ചെയ്യുന്നുവോ അത് അല്ലാഹുവിന്റെ അനുവാദത്തോടെയും നിർദ്ദേശത്തോടെയും ആകുന്നു. എല്ലാത്തിന്റെയും അളവുകോൽ അല്ലാഹുവിന്റെ പക്കലുണ്ട്.എല്ലാ ഒരോ ജീവികൾക്കും ഓരോ ജോലി ചെയ്തു തീർക്കുവാനുണട്.അതു പോലെ തന്നെയാണ് അല്ലാഹുവിന്റെ മനുഷ്യരായ ദൂതന്മാർക്കും മാലഖമാരായ ദൂതന്മാർക്കും.

അൽഹംദുലില്ലാഹ്. ഇന്നത്തെ വെള്ളിയാഴ്ച്ച ഖുത്തുബയിലും, അടുത്ത ആഴ്ചയിലെവെള്ളിയാഴ്ച്ച ഖുത്തുബയിലും ഇൻശാ അല്ലഹ്, ഇസ്‌ലാമിന്റെ മഹത്വത്തെ കുറിച്ചും, അതിന്റെ പ്രവചാനാത്മ്കമായ

വെളിപാടുകളെ കുറിച്ചും മാലഖമാരെയും അവരുടെ പ്രവർത്തനങ്ങളെ കുറിച്ചും വിശദീകരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

**വിജയ ദിനങ്ങൾ നിങ്ങളുടെ കൈകളിൽ**

ആധുനിക തത്വചിന്തയിൽ വ്യാപൃതരായിരിക്കുകയും ഇസ്ലാമിന്റെ അധ്യാപനത്തെ വിമർശിക്കുകയും ചെയ്യുന്നവർക്ക് ഞാനൊരു മറുപടി നല്കുവാൻ ആഗ്രഹിക്കുകയാണ്. ആയതിനാൽ നല്ല മുസ്ലീംകളാകാൻ നമുക്കെങ്ങനെ കഴിയും എന്നതിനെ കുറിച്ച് ചിന്തിക്കേണ്ടത്താണ്. ഒരു പരുഷനും അഥവാ സ്ത്രീക്കും എങ്ങനെ ആ പദവിയിലെത്താൻ കഴിയും എന്നാലോചിക്കുക. ഇസ്ലാം ജീവിച്ചിരിക്കുന്ന മതമാണ്. അത് മുസ്ലീങ്ങൾക്ക് ഉറപ്പു നല്കുന്ന ഒരു കാര്യം ഇസ്ലാമിന്റെ വിജയദിനങ്ങൾ അവരുടെ കൈകളിലാണ് എന്നാണ്.

**ത്യാഗത്തിലധിഷ്ഠിതമാണ് ജീവിത വിജയം**

ഈ ലോകത്ത് ധാരളം സത്യാന്വേഷകരുണ്ട്. അവർ ഇസ്ലാമിനെ ആശ്ലേഷിക്കുന്ന നിമിഷം മുതൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ സ്വീകർത്താക്കളായി മാറുന്നു. അവരുടെ ജീവിതം പുരോഗതിയിലേക്ക് കുതിക്കുവാൻ തുടങ്ങുന്നു.അത് ഭൗതികമായാലും ആത്മീയമായാലും ശരി. ഇസ്ലാം പ്രബോധിക്കുന്നതും ക്ഷണിക്കുന്നതുമായ ആശയങ്ങൾ, പ്രരംഭഘട്ടത്തിൽ, ഇതു നേടുക എന്നത് പ്രയാസകരവും കഠിനതരവുമാണ് എന്ന് തെളിയിച്ചിട്ടുണ്ട്. ത്യാഗങ്ങൾ അനുഷ്ഠിക്കാതെ ഒന്നും നേടുവാൻ സാധിക്കയില്ല. വിശ്വസിക്കുന്നു എന്നു പറയുന്നവരുടെ വിശ്വാസങ്ങളെ പ്രവർത്തനങ്ങളാകുന്ന കല്ലുകളിൽ വെച്ച് മാറ്റുരച്ചു നോക്കിയ ശേഷമാണ് വിജയം നിശ്ചയിക്കുന്നത്. കറയറ്റ പ്രയത്നങ്ങളും,സദുദ്ദേശവും ഇതിന്റെ പൂർത്തീകരണത്തിനാവശ്യമാണ്.

**നിസ്വാർത്ഥമായ ക്ഷണം**

നിങ്ങളെ എല്ലാവരെയും ക്ഷണിക്കുവാൻ അല്ലാഹു എന്നെ നിയോഗിച്ചിരിക്കുകയാണ്.ആയതിനാൽ എല്ലാ മുഫ്തിമാരെയും,മൗലവിമാരെയും,ശത്രുക്കളെയും,കപടവിശ്വാസികളെയും മോശമായ സ്ഥാനപ്പേര് നല്കി എന്നെ ആക്ഷേപിച്ചവരായ എല്ലാവരെയും, കാരണം അവരെല്ലാം ഭാഗികമായ അഭിപ്രായ വ്യത്യാസത്തിലാണ് ഇതൊക്കെ ചെയ്തത്; അവരെന്നെ പൂർണ്ണമായും വെറുത്തത്; എന്റെ വാദം അവർക്ക് മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ല.; അതുകൊണ്ട് ഞാൻ അവരോട് പറയുന്നു - ഭക്തിയോടെ, ആത്മാർത്ഥതയോടെ, സത്ഹൃദയത്തോടെ ശരി ഏതാണ്,തെറ്റ് ഏതാണ്, എന്നറിയുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾ അല്ലാഹുവിനോട് പ്രാർത്ഥിക്കുക.

**അല്ലാഹുവിന്റെ സത്യവാനായ ദാസൻ ആര്?**

എന്നിൽ വിശ്വസിച്ചവർക്ക് എനിക്ക് ഉറപ്പ് നൽകുവാൻ കഴിയും,അതുപോലെ ഈ വിനീതനിൽ വിശ്വസിക്കണമോ എന്ന്ആലോചിച്ചുകൊണ്ടരിക്കുന്നവർ, അല്ലെങ്കിൽ ഭാവിയിൽവിശ്വസിക്കുന്നവർ,തീർച്ചയായും അവരുടെ അന്ത്യം അനുഗ്രഹപ്രദമായിരിക്കും. അവർ ഒരിക്കലും ഒന്നും നഷ്ടപ്പെട്ടവരായിരിക്കുകയില്ല. ഈ ലോക ജീവിതം പരിമിതവും താല്കാലികവുമാണ്.യഥാർത്ഥമായ കൊയ്ത്ത്, യഥാർത്ഥമായ പ്രതിഫലം, യഥാർത്ഥമായ നേട്ടം, യഥാർത്ഥമായ ലാഭവിഹിതം അനന്തമായതാണ്.അതാണ് അല്ലാഹു നിങ്ങൾക്ക് നൽകുന്നത്.അത് ഇഹലോകത്ത് മാത്രമല്ല, നാളെ പരലോകത്തും ലഭ്യമാണ്. അത്തരത്തിലുള്ള അനുഗ്രഹങ്ങൾക്ക് അവസാനമില്ല. അവിടെ നിങ്ങൾ സമാധാനത്തോടെ, ഐക്യത്തോടെ, സർവ്വ ലോകരക്ഷിതാവിന്റെ യഥാർത്ഥ ലക്ഷ്യം അതുമാത്രമാണ്. അവനാണ് അല്ലാഹു(ത)യുടെ സത്യവാനായ ദാസൻ.

**<u>വൈവിദ്ധ്യമാർന്ന മതസമൂഹം</u>**

ഏതെങ്കിലും ഒരു വെളിപാടു മതത്തിൽ വിശ്വസിക്കുന്നവർ, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ, വിവിധ പ്രവാചകൻമാരെ, വിവിധ സമയങ്ങളിൽ ദൈവം നിയോഗിച്ചിട്ടുണ്ട് എന്ന് വിശ്വസിക്കൽ നിർബന്ധമാണ്. ദൈവദൂതന്മാരെ നിയോഗിക്കാത്ത ഒരു രാജ്യവും ലോകത്തിലില്ല. 13 ലക്ഷം മാത്രം ജന സംഖ്യയുള്ള ചെറിയ ദ്വീപായ മൗറീഷ്യസിലും അല്ലാഹു (ത) അവന്റെ ഖലീഫയെ നിയോഗിച്ച് അനുഗ്രഹി ച്ചിരിക്കുന്നു. കഴിഞ്ഞ നൂറ്റാണ്ടിൽ ആഗതരായ വാഗ്ദത്ത മസീഹിനെ അംഗീകരിച്ച മൂന്നാമത്തെ രാജ്യ മാണ് മൗറീഷ്യസ്. ഇന്ത്യയ്ക്കും ഇംഗ്ലണ്ടിനുംശേഷം 1915ൽ അഹ്മദിയ്യാ മുസ്ലിം മിഷൻ മൗറീഷ്യസിൽ സ്ഥാപി ക്കുകയുണ്ടായി. പ്രധാന ലോകമതങ്ങളുടെ സംഗമ ഭൂമിയാണ് ഈ ചെറിയ രാജ്യം.

**<u>ആത്മീയ ആവിർഭാവം</u>**

മാനവ കുലത്തിന്റെ ആത്മീയ ആവിർഭാവം ഇത്തരത്തിലുള്ള ആളുകൾക്കും അർഹതപ്പെട്ടതാ ണല്ലോ. അവർ നോക്കുമ്പോൾ അവരുടെ മുമ്പിൽ അന്ധകാരമല്ലാതെ, മറ്റൊന്നും കാണുവാനുണ്ടായിരു ന്നില്ല.അവരിലേക്ക് അല്ലാഹുതാൻ തെരഞ്ഞെടുത്തവരെ നിയോഗിക്കേണ്ടതല്ലേ?. വിശുദ്ധ ഖുർആനിൽ അല്ലാഹു(ത) പറയുന്നു.ഒരു മുന്നറിയിപ്പുകാരൻ വന്നു കഴിഞ്ഞിട്ടില്ലാത്ത ഒരു ജനതയുമില്ല.

**<u>എപ്പോഴാണ് ദൈവദൂതൻ പ്രത്യക്ഷപ്പെടുന്നത് ?</u>**

ദൈവീക പ്രവാചകൻമാരെ നിയോഗിക്കുന്നതെന്തിനാണ്? ഇത് മനസ്സിലാക്കുവാൻ നാമൊരു അന്വേ ഷണം നടത്തുകയാണെങ്കിൽ നമുക്കു മനസ്സിലാകും. ജനങ്ങളിൽ ആത്മീയാന്ധത ബാധിക്കുമ്പോഴാണ് പ്രവാചകവതാരമുണ്ടാകുന്നത്. ദൈവവുമായി നേരിട്ട് ബന്ധപ്പെടുന്നതിനുള്ള എല്ലാ മാർഗ്ഗങ്ങളും വിച്ഛേദി ക്കുമ്പോഴാണ് മാനവരാശിയിൽ നിന്നും ദൈവ പ്രവാചകൻമാർ അവതീർണ്ണരാകുന്നത്. ദീർഘകാലം വരൾച്ച ബാധിച്ച് കിടന്ന ഭൂമിയെ പെട്ടെന്ന് സജീവമാക്കുന്നതിനുള്ള ഒരു നടപടി ക്രമമെന്ന നിലയിലാണ് ഭാരമേ റിയ മഴമേഘങ്ങൾ ഉരുണ്ടു കൂടുന്നതും മഴവർഷിക്കുന്നതും ഇതു പോലെയാണ് പ്രവാചകവതാരവും. മുൻകാലങ്ങളിൽ പ്രവാചകന്മാർ വന്നിരുന്നതുപോലെ വരുംകാലങ്ങളിലും ദൈവ ദൂതന്മാർ വന്നു കൊണ്ടി രിക്കും. സ്ഥിരമായ വിരാമമില്ല. ഇതാണ് നമ്മുടെ ദൃഢവിശ്വാസം. ദിവ്യവെളിപാടുകളുടെ വാതിലുകൾ എന്നും തുറന്നുകിടക്കുന്നതാണ്. മുമ്പ് തുറന്നു കിടന്നിരുന്നതുപോലെ ഇനിയും തുറന്നുകിടക്കുന്നതായിരിക്കും. ആധുനീക ലോകം ഒരു ദിവ്യപ്രവാചകന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നു. അവസാനകാലത്തേക്ക് വാഗ്ദാനം ചെയ്തിരിക്കുന്ന സത്യാത്മക്കളിൽ ഒരാളിന്റെ സാന്നിദ്ധ്യം എല്ലാ നിലയിലും അനിവാര്യമായിരി ക്കുന്ന കാലം. നമ്മുടെ വിശ്വാസത്തിന് അടിസ്ഥാനമാകുന്നത് ഈ നൂറ്റാണ്ടിലെ ദിവ്യ വെളിപാടുകൾ മാത്രമല്ല. മുൻ പ്രവാചകൻമാരുടെ സാക്ഷ്യമൊഴികളും തെളിവായി സമർപ്പിക്കുകയാണ്.എന്നെ മുഹ്യദ്ദീനായി അല്ലാഹു(ത) നിയമിച്ചശേഷം  എന്നിൽ ഭാരമേൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്വം, ദൈവഭ ക്തിയും, ദൈവസ്നേഹവും ജനഹൃദയങ്ങളിൽ വീണ്ടും സ്ഥാപിക്കുക എന്നതാണ്; മറ്റൊന്ന് മറന്നുപോയ ആത്മീയ സത്യങ്ങൾ മാനവകുലത്തിനെ പരിചയപ്പെടുത്തിക്കൊടുക്കുക. പ്രകാശപൂരിതവും, പരിശുദ്ധ വുമായ ഏകദൈവാരാധനയെ സ്ഥിരമായി സ്ഥാപിക്കുക. മനുഷ്യഹൃദയങ്ങളിൽ നിന്നും പൂർണ്ണമായും അപ്രത്യക്ഷമാകത്തക്ക നിലയിൽ, ബഹുദേവതാരാധനയിൽ നിന്നും ശുദ്ധീകരിക്കുക. ആത്മീയ തയെപ്പറ്റിയും ദൈവത്തെപ്പറ്റിയും സംസാരിക്കുന്നവരെ നിങ്ങൾക്ക് കാണാം. എന്നാൽ അവരുടെ ഹൃദയം നിറയെ ഇഹലോക സ്നേഹമാണ്.

**ലോകം ഒരു വഴിക്കാട്ടിയെ തേടുന്നു.**

ഒരു വഴികാട്ടിയെ ലോകത്തിനിപ്പോൾ ആവശ്യമാണ് എന്ന് നിങ്ങൾ എല്ലാവരും എന്നോടൊപ്പം യോജിക്കുമെന്ന് കരുതുന്നു. ആ വഴികാട്ടി ദൈവീക സഹായവും ദൈവീക വീക്ഷണവും ഉള്ള ആളും മാനവകുലത്തിനെ നന്മയിലൂടെ നയിക്കുവാൻ കഴിവുറ്റവനുമായിരിക്കണം.സംശയത്തിൽ നിന്നും അനിശ്ചിതത്വത്തിൽ നിന്നും മാനവനെ അവൻ വിശ്വാസത്തിലേക്കും നിശ്ചിതത്വത്തിലേക്കും നയിക്കേണ്ടതാണ്. മാനവകുലത്തിന് എപ്പോഴെങ്കിലും ഒരു പ്രവാചകനെ ആവശ്യമായി വന്നിട്ടുണ്ടെങ്കിൽ,അത്തരം ഒരു പ്രവാചകനെ ഏറ്റവും കൂടുതൽ ആവശ്യമുള്ള ഒരു കാലമാണിപ്പോൾ. മതം ഒരു ശൂന്യമായ ശൈലി ആയി മാറിയിരിക്കുന്നു. സത്യമോ സത്യത്തിന്റെ അവസ്ഥ ലോകത്തിന്റെ ചിലഭാഗങ്ങളിൽ സത്യം കടുത്ത അബോധവസ്ഥയിലാണ്. മറ്റു ഭാഗങ്ങളിൽ സത്യം മരിച്ചു കഴിഞ്ഞിരിക്കുന്നു.

അല്ലാഹുവിൽ നിന്നും നിയോഗിതനായ ആല്ലഹുവിന്റെ ദൂതൻ ആവശ്യമായകാലം. യഥാർത്ഥ അധ്യാപനങ്ങളെ സ്ഥീരീകരിക്കുവാനും കഴിഞ്ഞു പോയ ദൈവീക ദൂതന്മാരെയും പരിഷ്കർത്താക്കളെയും,ദൈവ നിയോഗിതരെയും ദൈവ പ്രതിനിധികളെയും, അവനിലൂടെ അവരുടെ മഹത്വം സംരക്ഷിക്കുവാനും, ദൈവീകാധ്യാപനങ്ങളെ സംരക്ഷിക്കുവാനും, ഈ സന്ദേശം വ്യക്തമായി എത്തിക്കുന്നതിനും അല്ലാഹുവിന്റെ ദുതൻ ആവശ്യമായകാലം. എന്റെ മുൻഗാമികളെ കള്ളരെന്ന് മുദ്ര കുത്തുവാനല്ല ഞാൻ വന്നിട്ടുള്ളത്.അവരുടെ വാദങ്ങളെ സത്യപ്പെടുത്താനും സ്ഥീരീരിക്കാനുമാണ് വന്നിട്ടുള്ളത്. നിശ്ചയം ഞാൻ ആഗതനായിരിക്കുന്നത് അവരുടെ സത്യതസ്ഥീരീകരിക്കുവാനും ദൈവദൂതൻമാരുടെ ശക്തമായ ചങ്ങലയ്ക്ക് ചാരുത നല്കുവാനും, ആ ചങ്ങലയിൽ നൂതനമണികൾ ഖിയാമമുത്തു നാളുവരെയും വന്നു കെണ്ടരിക്കുമെന്നുള്ള സുവിശേഷം അറിയിക്കുവാനുമാണ്. അവരെല്ലാവരും ഒന്ന് മറ്റൊന്നിനെ ശക്തിപ്പെടുത്തികൊണ്ടിരിക്കുകയാണ്. ഒന്ന് മറ്റൊന്നിനെതിരായിരിക്കുകയില്ല. ദൈവീക വെളിപാടുകൾ ലഭിക്കുന്നു എന്നവകാശപ്പെടുന്ന ഒരാളെ തിരിച്ചറിയുവാനുള്ള ഒരു വഴി കൂടിയാണ്.

ഞാനി പ്രസംഗം ഇവിടെ നിർത്തുകയാണ്. ഇൻശാ അല്ലാഹ് ഞാനീ പ്രസംഗത്തിന്റെ ബാക്കി ഭാഗം അടുത്ത വെള്ളിയാഴ്ച തുടരുന്നതാണ്. മാനവകുലത്തെ അല്ലാഹു രക്ഷിക്കട്ടെ. അല്ലാഹുവിന്റെ ദൂതന്മാരുടെ സത്യപ്രകാശം കാണുവാനുള്ള കഴിവ് ജനങ്ങൾക്ക് അല്ലാഹു പ്രദാനം ചെയ്യട്ടെ. മുഹമ്മദ് (സ)ന്റെ ഉമ്മത്തിൽ ഇത്തരത്തിലുള്ള പരിഷ്കർത്താക്കളെ നിയോഗിച്ച് നമ്മുടെ നബികരിം (സ)ന്റെ മഹത്വം ലോക ജനതയിൽ ഖിയാമുത്തു നാൾ വരേക്കും നിലനിർത്തട്ടെ. അല്ലാഹു (ത) തന്റെ ദൂതൻന്മാരുമായി ചെയ്ത ഉടമ്പടി കാത്തു സംരക്ഷിക്കട്ടെ. ലോക ജനത ഒരുമിക്കുവാനും അവനെ മാത്രം ആരാധിക്കുന്നതിൽ സന്തോഷിക്കുവാനുള്ള അവസരം നൽകട്ടെ. ആമീൻ.

***************

*For Jamaat-ul-sahih-al-islam International*

Translated by
***R. Jamaludin Raother***
*( A Humble disciple of Khalifathullah)*